# മുഴുവൻ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്റർ തുടങ്ങും : മന്ത്രി ടി.പി.രാമകൃഷ്ണൻ

സംസ്ഥാനത്തെ മുഴുവൻ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുമെന്ന് തൊഴിൽ-എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ പറഞ്ഞു. തൃശൂർ എംപ്ലോയബിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രജിസ്ട്രർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി അനുയോജ്യതൊഴിൽ ലഭിക്കുന്നതിന് അവരെ സഹായിക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററിന്റെ ലക്ഷ്യം.സ്വകാര്യ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന ദൗത്യം എംപ്ലോയബിലിറ്റി സെന്റർ ഏറ്റെടുത്തിട്ടു്. സംസ്ഥാനത്തെ എട്ടാമത്തെ എംപ്ലോയബിലിറ്റി സെന്ററാണ് തൃശൂരിൽ പ്രവർത്തനമാരംഭിച്ചത്. ഗ്രാമീണ തൊഴിൽ അന്വേഷകർക്ക് അറിവ് നൽകുന്നതിന് സംസ്ഥാനത്ത് ഗ്രാമതലത്തിൽ കരിയർ ഗൈഡൻസ് സെന്റർ സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടു്. സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിനുള്ള മാർഗ്ഗ നിർദ്ദേശം ഉൾപ്പെടെ സർക്കാർ പൊതുമേഖല, സ്വകാര്യ മേഖല എന്നിവിടങ്ങളിലെ തൊഴിൽ അവസരങ്ങളെക്കുറിച്ചും കരിയർ ഗൈഡൻസ് സെന്ററുകൾ മാർഗ്ഗ നിർദ്ദേശം നൽകും.

തൊഴിലന്വേഷകരേയും, തൊഴിൽ ദാതാക്കളേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കും. തൊഴിൽ ദാതാക്കളുടെ ആവശ്യപ്രകാരം ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകും. പ്ലസ് ടു പാസ്സായവർക്കും മേൽ യോഗ്യതയുള്ളവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം. 18 മുതൽ 30 വയസ്സ് വരെയാണ് പ്രായപരിധി. ജോലി പരിചയമുള്ളവർക്ക് 40 വയസ്സ് വരെ പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യാൻ അസ്സൽ യോഗ്യത സർട്ടിഫിക്കറ്റുകളും പ്രവർത്തി പരിചയസർട്ടിഫിക്കറ്റും ഹാജരാക്കണം. ബയോഡാറ്റ, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ നൽകണം. ഉദ്യോഗാർത്ഥി രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. തൊഴിൽദാതാക്കൾക്ക് 1000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. സെന്ററിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കും. എംപ്ലോയ്മെന്റ് എക്സചേഞ്ചുകളുടെ നേതൃത്വത്തിൽ മെഗാ ജോബ് ഡ്രൈവ് നടത്തും. സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ മേളകൾ നടത്തുന്നത് വാട്സാപ്പ്, എസ്.എം.എസ്, ഇ-മെയിൽ വഴി രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ അറിയിക്കാനും സംവിധാനമു്. 78389 ഉദ്യോഗാർത്ഥികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടു്.. പ്രതിവർഷം 2000 ഓളം പേർക്ക് ജോലി നൽകുന്നു്. വൊക്കേഷണൽ ഗൈഡൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഉപരിപഠനം, സ്കോളർഷിപ്പ്, മത്സരപ്പരീക്ഷകൾ, പുതിയ തൊഴിൽ സാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകുന്നു. വ്യക്തികൾക്കുള്ള കെസ്റു, ഗ്രൂപ്പുകൾക്കുള്ള മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്, ജോബ് ക്ലബുകൾ, അശരണരായ വനിതകൾക്കുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്നിവയും എംപ്ലോയ്മെന്റ് എക്സചേഞ്ചുകൾ വഴി നടത്തുന്നുന്നും മന്ത്രി പറഞ്ഞു.

കൃഷി വകുപ്പു മന്ത്രി അഡ്വ.വി.എസ്.സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. സ്മാർട്ട് ക്ലാസ്സിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. എംപ്ലോയബിലിറ്റി സെന്റർ രജിസ്ട്രേഷൻ മേയർ അജിത ജയരാജൻ തുടക്കും കുറിച്ചു. സി.എൻ.ജയദേവൻ എം.പി കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേഷൻ കൗൺസിലർ കെ.മഹേഷ് ആശംസ അർപ്പിച്ചു. എംപ്ലോയ്മെന്റ് ഡയറക്ടർ ഡോ.ശ്രീറാം വെങ്കിട്ടരാമൻ സ്വാഗതവും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ജോയിന്റ് ഡയറക്ടർ ജോർജ്ജ് ഫ്രാൻസിസ് എം.എ നന്ദിയും പറഞ്ഞു.